MR. MANKUZHI M. MADHAVAN (*Chirayinkil III—General*) : ഈ റിസർവു ചതുപ്പുനിലങ്ങളിലുള്ള നെൽക്കൃഷിസ്ഥലങ്ങളിൽ എത്ര ശതമാനം വിളവുണ്ടായിട്ടുണ്ടെന്നുള്ള വിവരം പറയാമോ?

HON'BLE MR. C. KESAVAN : അറിവില്ല.

MR. MANKUZHI M. MADHAVAN : ഒരു മേനിക്ക് എത്ര കിട്ടിയെന്നു പറയാമോ?

HON'BLE MR. C. KESAVAN : വിളവായിട്ടില്ല.

MR. MANKUZHI M. MADHAVAN : ഇതിൽ കൃഷി ചെയ്യാതെ ധാരാളം സ്ഥലം കിടപ്പുണ്ടെന്നറിയാമോ?

HON'BLE MR. C. KESAVAN : കുറെ സ്ഥലം കൃഷിചെയ്യാതെ കിടപ്പുണ്ടെന്നറിയാം.

MR. MANKUZHI M. MADHAVAN : അങ്ങനെയുള്ളവർക്ക് പാട്ടം ഇളവു ചെയ്തുകൊടുക്കുമോ?

HON'BLE MR. C. KESAVAN : കൃഷിചെയ്യാത്ത സ്ഥലം ആവശ്യക്കാരില്ലാത്തതാണ്.

MISS. ACCAMMA CHERIYAN (*Changanachery I—General*) : പീരുമേട്ടു മുതലായ സ്ഥലങ്ങളിൽ കുറവും, ബാക്കിയുള്ള സ്ഥലങ്ങളിൽ കൂടുതലും പതിച്ചുകൊടുത്തിട്ടുള്ളതെന്തുകൊണ്ടാണ്?

HON'BLE MR. C. KESAVAN : പീരുമേട്ടിൽ ആദ്യമേ സ്ഥലം കൊടുക്കത്തക്കതായി ഉണ്ടായിരുന്നുള്ളൂ.

MISS. ACCAMMA CHERIYAN : കൂടുതൽ ഉണ്ടെങ്കിൽ കൊടുക്കാമോ?

HON'BLE MR. C. KESAVAN : ഫാറസ്റ്റു നിയമങ്ങൾക്കും കൺസർവെൻസി ചട്ടങ്ങൾക്കും വിധേയമായി കൊടുക്കാം.

ബി. എ., ബി. എസ്സ്സി. പരീക്ഷകൾ.

3. MR. T. T. KESAVAN SASTRI : ഇക്കഴിഞ്ഞ ബി. എ., ബി. സ്സ്സി. എന്നീ പരീക്ഷകളിൽ പുലയവർഗ്ഗത്തിൽ എത്രപേർ ചേർന്നിരുന്നുവെന്നും, അവരിൽ എത്രപേർ വിജയികളായി എന്നും പറയാൻ മേലുണ്ടാകുമോ?

HON'BLE MR. T. M. VARGHESE : കഴിഞ്ഞ ബി. എ. പരീക്ഷയ്ക്ക് പുലയവർഗ്ഗത്തിൽപ്പെട്ടവരിൽ ൩ പേർ ചേർന്നു; ൨ പേർ പാസ്സായി. ചേരമർ ക്രിസ്ത്യാനികളിൽനിന്നും ൨ പേർ ചേർന്നു; ആരും പാസ്സായില്ല. ബി. എസ്സ്സി. പരീക്ഷയ്ക്ക് പുലയരിൽനിന്നും ഒരാൾ ചേർന്നിരുന്നു; പാസ്സായില്ല. ചേരമർ ക്രിസ്ത്യാനികളിൽനിന്നും ഒരാൾ ചേർന്നിരുന്നു; പാസ്സായില്ല.

LIBRARY ARCHIVES Kerala Legislative Assembly